## കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്ത് 2014-15 അധ്യയന വർഷത്തേക്ക് സർക്കാർ, എയ്ഡഡ് മേഖലയിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ഹയർ സെക്കന്ററി ബാച്ചുകളും അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (ജ) വകുപ്പ്**

**സ.ഉ. (കൈ.) നം.143 /2014/പൊവി തീയതി, തിരുവനന്തപുരം 31/07/2014**

---

പരാമർശം:- (1) 11/06/2013-ലെ സ.ഉ. (കൈ.) നം. 185/13/പൊവി നമ്പർ സർക്കാർ ഉത്തരവ്

(2) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 14/06/2013-ാം തീയതിയിലെ എസി ഡി സി3/16830/എച്ച് എസ് ഇ/2013 നമ്പർ പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം

(3) 25/06/2013-ലെ സ.ഉ. (കൈ.) നം.194/13/പൊവി നമ്പർ സർക്കാർ ഉത്തരവ്

(4) ഡബ്ല്യു പി (സി) നമ്പർ 7540/2013, 16080/2013, മുതലായ ഹർജികളിന്മേൽ 21/08/2013-ൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം

(5) ഡബ്ല്യു എ നമ്പർ 1341/2013, 1375/2013 എന്നീ റിട്ട് അപ്പീലുകളിന്മേൽ ബഹു.കേരള ഹൈക്കോടതി 11/04/2014-ൽ പുറപ്പെടുവിച്ച വിധിന്യായം.

(6) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 19/05/2014-ലെ എസിഡി സി3/16830/13/എച്ച് എസ് ഇ നമ്പർ കത്ത്.

(7) 2[illegible]/05/20[illegible]-ലെ സ.ഉ.(കൈ.) നം. [illegible]6/2014/പൊവി നമ്പർ സർക്കാർ ഉത്തരവ്

(8) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 2[illegible]/05/2014-ലെ എസിഡി സി3/214[illegible]7/എച്ച്എസ് ഇ/2014 നമ്പർ പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം.

(9) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ [illegible]/06/2014-ലെ എസി ഡി സി3/21437/14/എച്ച് എസ് ഇ നമ്പർ കത്ത്.

(10) ഡബ്ല്യു പി(സി) നം.13851/14, ഡബ്ല്യു എ നം.776/14, മുതലായ ഹർജികളിന്മേൽ 10/07/2014-ൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

KHSTU

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിൽ രണ്ടു ബാച്ചുകൾ വീതം ഉൾക്കൊള്ളുന്ന ഓരോ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാനും എറണാകുളം മുതൽ വടക്കോട്ടുള്ള ഏഴ് ജില്ലകളിൽ പുതുതായി ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനും നിലവിലുള്ള ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ അധിക ബാച്ച് അനുവദിക്കുന്നതിനും സർക്കാർ നയപരമായ തീരുമാനമെടുക്കുകയും ഇതിന്റെ അനുവദിക്കപ്പെടേണ്ട ആകെ ഹയർ സെക്കന്ററി ബാച്ചുകളുടെ എണ്ണം 678 ആയി നിജപ്പെടുത്തുകയും അതനുസരിച്ച് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശവും നൽകുകയുണ്ടായി. മേൽ സർക്കാർ ഉത്തരവ് അനുസരിച്ച് പരാമർശം (2) പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പുതുതായി ഹയർ സെക്കന്ററി സ്കൂളുകളും ഹയർ സെക്കന്ററി അധിക ബാച്ചുകളും അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി .

KHSTU

(2) പരാമർശം (3)-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് മേൽവിവരിച്ച പ്രകാരം ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ ശുപാർശയോടുകൂടി സർക്കാരിൽ സമർപ്പിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായി ഒരു ആറംഗ സമിതിയെയും രൂപീകരിച്ച് ഉത്തരവായിരുന്നു.

(3) എന്നാൽ മേൽ സർക്കാർ ഉത്തരവും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനവും ഡബ്ല്യു. പി (സി) നമ്പർ 7540/2013, 16080/2013, മുതലായ ഹർജികൾ മുഖേന വിവിധ കാരണങ്ങൾ ഉന്നയിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ചോദ്യം ചെയ്യപ്പെടുകയും ടി കേസുകൾ ബഹു. കേരള ഹൈക്കോടതി പരാമർശം (4) -ലെ വിധിന്യായപ്രകാരം തീർപ്പാക്കുകയുമുണ്ടായി. ടി വിധി പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം (V)- ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സർവ്വേ നടത്തി വിദ്യാഭ്യാസ ആവശ്യകത ബോധ്യപ്പെട്ടശേഷം മാത്രം പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചാൽ മതിയെന്ന് ഉത്തരവാകുകയുണ്ടായി. ടി വിധിക്കെതിരെ സംസ്ഥാന സർക്കാർ റിട്ട് അപ്പീൽ നമ്പർ 1341/2013 പ്രകാരം ബഹു. കേരള ഹൈക്കോടതിയിൽ

അപ്പീൽ ഫയൽ ചെയ്യുകയും ടി റിട്ട് അപ്പീൽ പരാമർശം (5)-ലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി അനുവദിക്കുകയുമുണ്ടായി.

(4) ടി റിട്ട് അപ്പീലിന്റെ വിധി ന്യായത്തിന്റെ വെളിച്ചത്തിൽ പരാമർശം (2)-ലെ വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾക്കും അധിക ബാച്ചുകൾക്കുമായി ലഭിച്ച അപേക്ഷകൾ പരാമർശം (3)-ൽ നിശ്ചയിച്ചിരിക്കുന്ന കമ്മിറ്റിയുടെ ശുപാർശയോടുകൂടി സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ആവശ്യമായ ശുപാർശയോടുകൂടി പരാമർശം (6)-ലെ കത്തു പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് ലഭ്യമാക്കി.

(5) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ടി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 134 പഞ്ചായത്തുകളിൽ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള 134 ഹൈസ്കൂളുകളിൽ ആകെ 258 ഹയർ സെക്കന്ററി ബാച്ചുകളും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ 101 ഹൈസ്കൂളുകളിലായി 193 ഹയർ സെക്കന്ററി ബാച്ചുകളും അനുവദിച്ച് അവ ഹയർ സെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യാനും കൂടാതെ എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ ആകെ 189 അധിക ബാച്ചുകളും അങ്ങനെ ആകെ 640 ബാച്ചുകൾ അനുവദിക്കുവാനും ശുപാർശ ചെയ്യുകയുണ്ടായി.

KHSTU

(6) എന്നാൽ സംസ്ഥാനത്ത് പുതുതായി ഹയർ സെക്കന്ററി സ്കൂളുകളും നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകളും അനുവദിക്കുന്നതും സർക്കാർ വിശദമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയും 2014-15 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്നും, എന്നാൽ ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യകത അനുസരിച്ച് അധിക ബാച്ച് അനുവദിക്കുന്നതിനും അപേക്ഷകൾ ക്ഷണിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുവാനും തീരുമാനിക്കുകയുണ്ടായി.

(7) മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (7)-ലെ സർക്കാർ ഉത്തരവ് പ്രകാരം താഴെപറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും അധിക ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുകയുണ്ടായി.

(8) <u>മാനദണ്ഡങ്ങൾ</u>

(i) താഴെപറയുന്ന മുൻഗണനാ ക്രമത്തിലായിരിക്കണം അധിക ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കേണ്ടത്.

1. ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ.
2. കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ.
3. വ്യക്തിഗത/ട്രസ്റ്റ് മാനേജ്മെന്റുകൾ നടത്തുന്ന എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ.

(ii) ഹയർ സെക്കന്ററി സ്കൂളുകളിൽ അധികബാച്ചുകൾ അനുവദിക്കുമ്പോൾ കൂടുതൽ സീറ്റുകൾ ആവശ്യമായി വരുന്ന റവന്യൂ ജില്ലയ്ക്കായിരിക്കും മുൻഗണന നൽകുക.

(iii) സർക്കാർ മേഖലയിൽ അധിക ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സമർപ്പിക്കേണ്ടതാണ്. എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഹയർ സെക്കന്ററി സ്കൂൾ മാനേജർമാർ സമർപ്പിക്കേണ്ടതാണ്.

(iv) അപേക്ഷകൾ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്ന മാതൃകയിലുള്ള ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

(v) അപേക്ഷകൾ ബന്ധപ്പെട്ട ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രിൻസിപ്പൽമാർ/മാനേജർമാർ സമർപ്പിക്കേണ്ടതാണ്.

KHSTU

(vi) എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ സംസ്ഥാന ട്രഷറിയിൽ 0202-01-102-97 (03) other receipts എന്ന അക്കൗണ്ട് ഹെഡിൽ 500/- രൂപ അപേക്ഷ ഫീസായി അടച്ചതിന്റെ ചലാൻ സഹിതം സമർപ്പിക്കേണ്ടതാണ്. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾക്ക് ഫീസ്ബാധകമായിരിക്കുന്നതല്ല.

(vii) അപേക്ഷകസ്കൂളിന് താഴെപ്പറയുന്ന ഭൗതിക സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

സ്ഥല സൗകര്യം - കുറഞ്ഞത് 1.2 ഹെക്ടർ

കെട്ടിട സൗകര്യം - കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം

ക്ലാസ് റൂം സൗകര്യം - ബാച്ചിന് 9X6X3.70 മീറ്റർ
ഭാഷാ വിഭാഗത്തിന് 6X6X 3.70 മീറ്റർ

ലബോറട്ടറി സൗകര്യം - ഓരോ സയൻസ് വിഷയത്തിനും 12X6X3.70 മീറ്റർ വീതം. കൂടാതെ നിശ്ചിത ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കണം.

(viii) സർക്കാർ മേഖലയിലുള്ള അപേക്ഷകസ്കൂളിന് മുകളിൽ പറഞ്ഞ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

KHSTU

(9) മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അധിക ബാച്ചുകൾക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 734 അപേക്ഷകളിൽ 696 അപേക്ഷകൾ സാധുവായി കാണുകയും അതിൽ നിന്ന് 408 വിവിധ അപേക്ഷകളിലായി അധിക ബാച്ചുകൾ അനുവദിക്കുവാൻ ശുപാർശ ചെയ്തുകൊണ്ട് പരാമർശം (9) പ്രകാരം സർക്കാരിന് വിശദമായ പ്രൊപ്പോസൽ ഹയർ സെക്കന്ററി ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. ടി ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലിരിക്കെയാണ് അധിക ബാച്ചുകൾ അനുവദിക്കാനുള്ള പരാമർശം (7) -ലെ സർക്കാർ തീരുമാനവും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരാമർശം (8)-ലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനവും പരാമർശം (10)-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി റദ്ദാക്കുകയും പരാമർശം (5)-ലെ റിട്ട് അപ്പീലിന്മേൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവായതുപോലെ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂളുകൾ പുതുതായി അനുവദിക്കുവാനും എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ആവശ്യമായ ഇടങ്ങളിൽ പുതുതായി ഹയർ സെക്കന്ററി സ്കൂളുകളും ടി ജില്ലകളിൽ നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിനും തെക്കൻ ജില്ലകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാൻ ബഹു. കോടതി ഉത്തരവായി.

(10) ഇതേ തുടർന്ന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6)- ഉം (9)-ഉം പ്രകാരം സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ വിശദമായ പരിശോധന നടത്തി ശുപാർശകൾ സമർപ്പിക്കാൻ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി കൺവീനറായും ജലവിഭവം, ഗതാഗതം, ഫിഷറീസും എക്സൈസും വകുപ്പ് മന്ത്രിമാർ എന്നിവർ അംഗങ്ങളുമായുള്ള ഒരു ഉപ സമിതിയെ ബഹു. മുഖ്യമന്ത്രി ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് കൂടിയ മന്ത്രിസഭാ ഉപ സമിതി ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മേൽ പരാമർശിച്ച പ്രകാരം ലഭ്യമാക്കിയ ശുപാർശകൾ വിശദമായി പരിശോധിക്കുകയും വിദ്യാഭ്യാസ ആവശ്യകത കണക്കാക്കുമ്പോൾ ആ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജന പ്രതിനിധിയുടെ അഭിപ്രായം കൂടി കണക്കിലെടുക്കേണ്ടതാണെന്നും ഇപ്രകാരം കണക്കിലെടുത്ത് താഴെ പറയുന്ന ശുപാർശകൾ അംഗീകരിക്കണമെന്നും ശുപാർശ ചെയ്യുകയുണ്ടായി.

KHSTU

KHSTU

**ശുപാർശകൾ**

(i) ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത 131 പഞ്ചായത്തുകളിൽ 43 ഗവൺമെന്റ് ഹൈസ്കൂളുകളും 88 എയ്ഡഡ് ഹൈസ്കൂളുകളും (ആകെ 131) ഹയർ സെക്കന്ററി സ്കൂളുകൾ ആയി അപ്ഗ്രേഡ് ചെയ്യാവുന്നതാണ്.

(ii) എറണാകുളം മുതൽ കാസറഗോഡ് വരെയുള്ള ജില്ലകളിലെ 18 ഗവൺമെന്റ് ഹൈസ്കൂളുകളും 77 എയ്ഡഡ് ഹൈസ്കൂളുകളും (ആകെ 95) അപ്ഗ്രേഡ് ചെയ്ത് 143 ബാച്ചുകൾ അനുവദിക്കാവുന്നതാണ്.

(iii) സംസ്ഥാനത്തെ 81 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 82 അധിക ബാച്ചുകളും 319 എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലായി 344 അധിക ബാച്ചുകളും ഉൾപ്പെടെ ആകെ 426 അധിക ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കാവുന്നതാണ്.

(11) മേൽ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. 2014 മാർച്ച് മാസം എസ് എസ് എൽ സി പാസ്സായ കുട്ടികളുടെ എണ്ണവും നിലവിൽ പ്ലസ് വൺ സീറ്റുകളുടെ ലഭ്യതയിലുള്ള ഗണ്യമായ അന്തരവും കണക്കിലെടുത്ത് മന്ത്രി സഭാ ഉപസമിതി ശുപാർശചെയ്ത പ്രകാരം അനുബന്ധം (1) മുതൽ (3) വരെയുള്ള പട്ടികകളിൽ വിവരിച്ച പ്രകാരം സർക്കാർ, എയ്ഡഡ് മേഖലകളിലായി ആകെ 700 (എഴുനൂറ്) ഹയർ സെക്കന്ററി ബാച്ചുകൾ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

**വ്യവസ്ഥകൾ**

(i) പുതുതായി ആരംഭിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലും 2014-15 അധ്യയന വർഷത്തിൽ 40 കുട്ടികളും 2015-16 അധ്യയന വർഷം മുതൽ 50 കുട്ടികളും ഏറ്റവും കുറഞ്ഞത് ഉണ്ടായിരിക്കേണ്ടതാണ്.

(ii) പുതുതായി ആരംഭിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലും നിശ്ചിത യോഗ്യതയുള്ള അധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച് അധ്യയനം നടത്തേണ്ടതാണ്.

(iii) വ്യവസ്ഥ (1)-ൽ നിർദ്ദേശിച്ച പ്രകാരം എണ്ണം കുട്ടികൾ പ്രസ്തുത ബാച്ചുകളിൽ ഇല്ലാത്ത പക്ഷം നിയമിക്കപ്പെടുന്ന താത്കാലിക അധ്യാപകരുടെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതല്ല. അതുപോലെതന്നെ ബാച്ചുകളുടെ തുടർപ്രവർത്തനാനുമതി നിഷേധിക്കുന്നതുമായിരിക്കും.

(iv) ഓരോ ബാച്ചുകൾ വീതം അനുവദിക്കാൻ ഉത്തരവായ സ്കൂളുകളിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപന പ്രകാരം അപേക്ഷിച്ച വിഷയ

കോമ്പിനേഷനുകളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ആ വിവരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറെ ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതും അപ്രകാരം കോമ്പിനേഷനുകൾ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ച് നൽകിയശേഷം ആ വിവരം ഒരു പട്ടികയായി ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മൊത്തമായി സർക്കാരിന് നൽകേണ്ടതുമാണ്.

(v) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ പുതുതായി അനുവദിക്കുന്ന അധിക ബാച്ചുകളിലേക്കുള്ള പ്ലസ് വൺ പ്രവേശനം 2014-15 -ലെ വർഷത്തേക്ക് പുറപ്പെടുവിച്ച പ്രോസ്പെക്ടസിൽ നിർദ്ദേശിക്കുന്ന പ്രകാരം ഏകജാലക പ്രവേശനം മുഖേനയും പുതുതായി ആരംഭിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിൽ 2014-15 അധ്യയന വർഷത്തേക്ക് മാത്രമായി, ഏകജാലക പ്രവേശനം നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന രീതിയിലും എന്നാൽ സംവരണം ഇടങ്ങി മറ്റു കാര്യങ്ങളിൽ ടി പ്രോസ്പെക്ടസിലെ മാനദണ്ഡങ്ങൾക്കനുസരിച്ചും നടത്തേണ്ടതാണ്.

(vi) ഈ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 8(vii)- ൽ നിഷ്കർഷിച്ചിരിക്കുന്ന ഭൗതിക സൗകര്യങ്ങൾ പുതുതായി അനുവദിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകൾ അനുവദിക്കപ്പെടുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും ഉണ്ടെന്ന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് ഉറപ്പാക്കേണ്ടതും അത് ലഭ്യമല്ലെങ്കിൽ പ്രവർത്തനാനുമതി നൽകാൻ പാടില്ലാത്തതുമാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ,**

**ഗവൺമെന്റ് സെക്രട്ടറി (ഇൻ ചാർജ്).**

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

(വ്യാപക പ്രചാരണത്തിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ്

KHSTU

സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം.5547 തീയതി 23/07/2014 പ്രകാരം)

ധനകാര്യ വകുപ്പ്.

പൊതുവിദ്യാഭ്യാസ (ഗ്/എസ് സി) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

KHSTU

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ ക്ക്.

പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി (II) യുടെ സി എ ക്ക്.